**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3053** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ വിപണനമേഖലയിലെ സ്റ്റാഫ് യൂണിറ്റുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വനിതകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് സ്ഥിരമായ തൊഴിലും വരുമാനവും ലഭിക്കുന്നില്ല എന്നതാണ്. തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനായി കൊള്ളപ്പലിശക്കാരെയും പണമിടപാടുകാരെയും ആശ്രയിക്കേണ്ടതായി വരുന്നു. ഇത് ഒഴിവാക്കി മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരമായ തൊഴിലും വരുമാനവും നൽകുന്നതിന് സാഫ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മത്സ്യവിപണനമേഖലയിലെ സ്റ്റാഫ് യൂണിറ്റുകളുടെ പ്രവർത്തനം വിശദമാക്കാമോ; യൂണിറ്റുകളുടെ പ്രവർത്തനം മൂലം എന്തെല്ലാം പ്രയോജനങ്ങളാണ് മത്സ്യമേഖലയ്ക്ക് ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ? | (ബി) | സാഫ് മുഖേന ആരംഭിച്ച ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളിൽ മത്സ്യവിപണന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന അംഗങ്ങളാണ് ഇതിലെ ഗുണഭോക്താക്കൾ. സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമായി കണ്ടെത്തുന്നു. സാഫിന്റെ കീഴിൽ 69 മത്സ്യവിപണന യൂണിറ്റുകളിലായി 142 മത്സ്യത്തൊഴിലാളി വനിതകൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ മത്സ്യമേഖലയിലെ 142 കുടുംബങ്ങൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഇതുവഴി ഇവരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കൂടാതെ മത്സ്യവിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) രൂപകല്പന ചെയ്ത 20 |

| | | | |
|---|---|---|---|
| | | | ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ 43 മത്സ്യത്തൊഴിലാളി വനിതകൾക്ക് പ്രയോജനം ലഭിച്ചു. ഗുണനിലവാരമുള്ള മത്സ്യം ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനും ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനും വൃത്തിയാക്കിയ മത്സ്യം വിപണനം നടത്തുന്നതിനും ഇതിലൂടെ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരമായ തൊഴിലും വരുമാനവും നൽകുന്നതിനു വേണ്ടി സാഫ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം

### ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരെഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്ഥിതികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരംതൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. സാഫിന്റെ കീഴിൽ 1780 ചെറുകിട തൊഴിൽ സംരംഭങ്ങൾ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. 2023-24 സാമ്പത്തികവർഷത്തിൽ യൂണിറ്റുകളുടെ വിറ്റ് വരവ് 136.52 കോടി രൂപയാണ്.

സാഫ് യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ, റിവോൾവിംഗ് ഫണ്ട്, സോളിഡാരിറ്റി ഫണ്ട് -സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, കമ്മ്യൂണിറ്റി വെൽനെസ്സ് പ്രോഗ്രാം മറ്റ് ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 500 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതിക്ക ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരുന്നു.

### ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)

മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന ജെ.എൽ.ജി. പ്രോജക്ട് പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിക്കുന്നത്. പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തന മൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച

റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. 1050 ജെഎൽജി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2024-25 സാമ്പത്തികവർഷത്തിൽ 200 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 40 ജെഎൽജി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ